# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 533

19.03.2013- ലെ മറുപടിക്ക്

## സഹകരണ ലൈബ്രറികളിലെ പുസ്തകങ്ങൾ

**ചോദ്യം**

ശ്രീ. സി. പി. മുഹമ്മദ്:

**മറുപടി**

ശ്രീ. സി.എൻ. ബാലകൃഷ്ണൻ
(സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി)

എ) കേരളത്തിലെ അപ്പെക്സ്-കേന്ദ്ര-പ്രാഥമിക സഹകരണ സംഘങ്ങളിൽ എത്രയെണ്ണത്തിൽ സഹകരണ ലൈബ്രറികൾ പ്രവർത്തിച്ചുവരുന്നു; ജില്ലതിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ;

(എ) അപ്പെക്സ്-കേന്ദ്ര-പ്രാഥമിക സഹകരണ സംഘങ്ങളിൽ ലൈബ്രറികൾ പ്രവർത്തിച്ച് വരുന്നതിന്റെ ജില്ലതിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| | ജില്ല | | എണ്ണം |
|---|---|---|---|
| 1. | തിരുവനന്തപുരം | : | 67 |
| 2. | കൊല്ലം | : | 126 |
| 3. | പത്തനംതിട്ട | : | 129 |
| 4. | ആലപ്പുഴ | : | 148 |
| 5. | കോട്ടയം | : | 141 |
| 6. | ഇടുക്കി | : | 87 |
| 7. | എറണാകുളം | : | 191 |
| 8. | തൃശ്ശൂർ | : | 166 |
| 9. | പാലക്കാട് | : | 98 |
| 10. | മലപ്പുറം | : | 160 |
| 11. | കോഴിക്കോട് | : | 112 |
| 12. | വയനാട് | : | 28 |
| 13. | കണ്ണൂർ | : | 652 |
| 14. | കാസർഗോഡ് | : | 140 |
| | ആകെ | : | 2245 |

| | |
|---|---|
| (ബി) എസ്.പി.സി.എസ്. പ്രസിദ്ധീകരിച്ച പുസ്തകങ്ങൾ അടിച്ചേൽപ്പിക്കുന്ന മുൻകാല സ്ഥിതിവിശേഷം അവസാനിപ്പിച്ച് സഹകരണമേഖലയിലെ പ്രസിദ്ധീകരണ സംഘങ്ങൾ പ്രസിദ്ധപ്പെടുത്തുന്ന പുസ്തകങ്ങൾക്കു പ്രാധാന്യം നൽകിക്കൊണ്ട് സഹകരണ ലൈബ്രറികളിൽ പർച്ചേസ് നടത്തുന്നതിനു നിർദ്ദേശം നൽകുമോ; | (ബി) സഹകരണ മേഖലയിലെ പ്രസിദ്ധീകരണങ്ങൾ വാങ്ങുന്നതിന് നിർദ്ദേശം നൽകാവുന്നതാണ്. |
| (സി) സഹകരണപ്രസ്ഥാനത്തിന്റെ വളർച്ചയ്ക്കു കരുത്തേകിയ മൺമറഞ്ഞ ഭരണാധികാരികളെക്കുറിച്ചും നേതാക്കളെക്കുറിച്ചുമുള്ള പുസ്തകങ്ങൾ സംഘങ്ങളിൽ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; | (സി) നടപടി സ്വീകരിക്കുന്നതാണ്. |
| (ഡി) പട്ടം താണുപിള്ള, പനമ്പിള്ളി ഗോവിന്ദ മേനോൻ, ഇ.എം.എസ്., സി. അച്യുത മേനോൻ, ആർ. ശങ്കർ തുടങ്ങിയവരെക്കുറിച്ചുള്ള ജീവചരിത്രഗ്രന്ഥങ്ങൾ സംഘങ്ങളിൽ ലഭ്യമാക്കുവാൻ നിർദ്ദേശം നൽകുമോ; | (ഡി) പരിഗണിക്കുന്നതാണ്. |
| (ഇ) പനമ്പിള്ളി ഗോവിന്ദമേനോനെക്കുറിച്ചുള്ള ജീവചരിത്രഗ്രന്ഥം സംഘങ്ങളിലെ ലൈബ്രറികളിൽ വാങ്ങണമെന്നു നിർദ്ദേശിച്ചുകൊണ്ട് വകുപ്പ് 2/2012 നമ്പരിൽ സർക്കുലർ പുറപ്പെടുവിച്ചിട്ടും ബന്ധപ്പെട്ട ജോയിന്റ് രജിസ്ട്രാർമാർ സംഘങ്ങളിൽ പുസ്തകം വാങ്ങുവാനും ഉത്തരവ് നടപ്പിലാക്കുവാനും നടപടി സ്വീകരിക്കാത്തതിനെക്കുറിച്ച് അന്വേഷിക്കുമോ? | (ഇ) സർക്കുലറിന്റെ അടിസ്ഥാനത്തിൽ ജോയിന്റ് രജിസ്ട്രാർമാർ സംഘങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇക്കാര്യം അന്വേഷിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**